പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി

112 (2052) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി കണക്കാക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരേ സ്കൂളിൽതന്നെ പ്രൈമറി സെക്കണ്ടറി എന്നിവയുണ്ടെങ്കിൽ വിദ്യാഭ്യാസയോഗ്യത നോക്കാതെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് വേണമെന്ന നിബന്ധന നിലവിലുണ്ടോ ;

(സി) ഇത് സംബന്ധമായി ഏതെങ്കിലും കോടതി വിധി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഹൈസ്കൂളിൽ നിന്നും ഹയർ സെക്കണ്ടറിയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകരുടെ സീനിയോറിറ്റി എങ്ങനെ പരിഗണിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സീനിയോറിറ്റി കെ.എസ്.എസ്.ആർ.-ലെ റൂൾ 27 പ്രകാരമാണ് തയ്യാറാക്കുന്നത്. പി.എസ്.സി. വഴി നിയമനം നടത്തുന്നവരുടെ കാര്യത്തിൽ നിയമന ശുപാർശ ചെയ്യുന്ന തീയതി പ്രൊമോഷൻ വഴിയുള്ള നിയമനങ്ങൾക്ക് പ്രൊമോഷൻ ഉത്തരവിന്റെ തീയതിയും സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതരുടെ കാര്യത്തിൽ അവരെ നിയമിക്കാൻ അനുവാദം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ തീയതിയുടെ അടിസ്ഥാനത്തിലുമാണ് സീനിയോറിറ്റി കണക്കാക്കുന്നത്. ഹൈസ്കൂൾ തലം വരെയുള്ള അദ്ധ്യാപകരുടെ നിയമനം ജില്ലാടിസ്ഥാനത്തിലാണ്. ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നവർക്ക് പുതിയ ജില്ലയിൽ ജോലിക്ക് പ്രവേശിക്കുന്ന തീയതി മുതലാണ് സീനിയോറിറ്റിക്കുള്ള അർഹത.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ച് കോടതി നിർദ്ദേശമൊന്നും ഉണ്ടായിട്ടില്ല.

(ഡി) ഹൈസ്കൂളിൽ നിന്നും ഹയർ സെക്കൻഡറിയിലേക്ക് പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകരുടെ സീനിയോറിറ്റി, അവരുടെ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം റഗുലറൈസ് ചെയ്യുന്ന തീയതി മുതലാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly